പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3874

21.06.2019 - ൽ മറുപടിക്ക്.

## അങ്കമാലി മണ്ഡലത്തിലെ വ്യാപാരി വ്യവസായികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോജി എം.ജോൺ | | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) പ്രളയത്തിൽ അങ്കമാലി മണ്ഡലത്തിലെ വ്യാപാരി വ്യവസായികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് അറിയിക്കുമോ ; | (എ) : | പ്രളയത്തിൽ അങ്കമാലി മണ്ഡലത്തിലെ വ്യാപാരി വ്യവസായികൾക്ക് ഏകദേശം 3400 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; (സി) പ്രളയ സമയത്ത് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിയോ ; ഇത് അനുസരിച്ച് വ്യാപാരി വ്യവസായി കൾക്ക് നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) : & (സി) | 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച വ്യാപാരമേഖലയുൾപ്പെടെ എല്ലാ മേഖല യുടെയും പുനർനിർമ്മാണത്തിനായി 17/12/2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/DMD പ്രകാരം *ഉജ്ജീവന സഹായ പദ്ധതി* എന്ന പേരിൽ ഒരു പ്രത്യേക പുനർനിർമാണ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം അങ്കമാലി മണ്ഡലത്തിലും മഹാപ്രളയത്തിൽ നഷ്ടം സംഭവിച്ച വ്യപാരി-വ്യവസായികൾക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ വ്യാപാര പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്ന തിനുള്ള നടപടി സർക്കാർ സ്വീകരിച്ച് വരുന്നു.<br>വ്യാപാരി ക്ഷേമനിധി ബോർഡും വ്യാപാരി വ്യവസായി സംഘടനകളും സംയുക്തമായി നഷ്ടം വിലയിരുത്തുകയും സംസ്ഥാനത്ത് പ്രളയദുരിതമനുഭവി ക്കുന്നവരും വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്തവരുമായ 11030 വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരും പ്രളയദുരിതമനുഭവിക്കുന്നവരുമായ 1130 |

പേർക്ക് ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രളയ ദുരിതമുണ്ടായ പഞ്ചായത്തുകളിലെ വ്യാപാരികൾക്ക് 30,000/- രൂപ വീതം ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| (ഡി) ബാങ്കുകളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ബിസിനസ്സ് നടത്തുന്ന ഇവരുടെ വായ്പ കുടിശ്ശികയും പലിശയും എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) : | സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്ന ഉജ്ജീവന സഹായ പദ്ധതി പ്രകാരം ഇതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ.